## കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W6-11876/16

തീയതി - 23/01/2021

### സർക്കുലർ നമ്പർ - 34/2020-21

വിഷയം :- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് - 2020-21 ബഡ്ജറ്റ് നിർദ്ദേശങ്ങൾ - തൊഴിലാളികളുടെ ആനുകൂല്യ വർദ്ധനവ് ഭേദഗതി സർക്കുലർ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. 2020-21ലെ ബോർഡ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ.

2. 05/01/2021 തീയതിയിലെ തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പിന്റെ എച്ച്3/1/2020-തൊഴിൽ നമ്പർ സർക്കാർ കത്ത്.

3. ദുരിതാശ്വാസ പ്ലാൻ 1990ന്റെ ഖണ്ഡിക 4 (ബി)

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിലുള്ള തൊഴിലാളികൾക്കായി ദുരിതാശ്വാസ ആനുകൂല്യ വർദ്ധനവിന് സൂചന (1) ബഡ്ജറ്റ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. സൂചന (2) പ്രകാരം ടി ആനുകൂല്യ വർദ്ധനവിന് സർക്കാർ അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പ്ലാൻ ഭേദഗതി പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള സർക്കുലർ പുറപ്പെടുവിക്കുന്നു.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിലുള്ള അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ ആശ്രിതർ മരണപ്പെടുമ്പോൾ ആശ്വാസ ധനസഹായമായി നൽകി വരുന്ന 2000/- രൂപ 4000/- രൂപയാക്കി വർദ്ധിപ്പിച്ച് നൽകുന്നതിന് സൂചന (2) പ്രകാരം അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിൽ ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആനുകൂല്യത്തിന്റെ മറ്റ് അർഹതാ മാനദണ്ഡങ്ങളിൽ യാതൊരുവിധ മാറ്റങ്ങളും ഉണ്ടായിരിക്കുന്നതല്ല.

മേൽപ്പറഞ്ഞ സർക്കുലറിന് 01/02/2021 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. ടി നിർദ്ദേശങ്ങൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഓരോരുത്തരും വീഴ്ച കൂടാതെ പാലിക്കണമെന്നും ഇതിനാൽ നിർദ്ദേശിച്ചു കൊള്ളുന്നു.

ഈ സർക്കുലർ ലഭിച്ചതിനുള്ള കൈപ്പറ്റ് രസീത് എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാരും മടക്കത്തപാലിൽ അയക്കേണ്ടതാണ്. കൂടാതെ സബ് ഓഫീസിലേക്ക് സർക്കുലർ കോപ്പി ജില്ലാ ഓഫീസിൽ നിന്നും അയച്ചു നൽകി പ്രസ്തുത വിവരം കൂടി അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/c)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്കും, സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർമാർ.

പകർപ്പ്

ബോർഡ് ഓഫീസിലെ എല്ലാ സൂപ്രണ്ടുമാർക്കും, എഫ്2 സെക്ഷൻ, സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്